ആരംഭിച്ച് മുനമ്പത്ത് അവസാനിക്കുന്ന ഹൈവേയായി പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവിടെയുള്ള ഗ്രാമീണ റോഡുകൾ ഏറ്റെടുത്ത് ഇത് പ്രഖ്യാപിക്കാവുന്നതാണ്. അതിന് മുന്നോടിയായിട്ട് ഒരു സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ആലപ്പുഴ മുതൽ മുനമ്പം വരെ 83 കിലോമീറ്റർ ദൂരത്തിൽ തീരദേശ ഹൈവേ നിർമ്മിക്കണമെന്ന നിർദ്ദേശം നേരത്തേ ഉണ്ടായിരുന്നു. അതുപ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർവേ നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിന് 110 കോടി രൂപ ആവശ്യമെന്ന് പറഞ്ഞിരുന്നു. അതുകൊണ്ടു തന്നെ ഗവൺമെന്റ് തീരുമാനം റദ്ദുചെയ്തു. പക്ഷെ അതിനിടയ്ക്കുതന്നെ ആലപ്പുഴ മുതൽ ഫോർട്ട്കൊച്ചി, അർത്തുങ്കൽ, ചെല്ലാനം വഴി പോകുന്ന തീരദേശ റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം, തീരദേശ ഹൈവേ തോട്ടപ്പള്ളിയിൽനിന്ന് ആരംഭിക്കണമെന്നാണ്. ഏതായാലും ഒരു കാര്യം അദ്ദേഹത്തിനോട് പറയാനുള്ളത്, ഈ സർവേ ഇപ്പോൾ ആലപ്പുഴയിൽ തുടങ്ങിയിട്ടേയുള്ളൂ. അത് തോട്ടപ്പള്ളിയിൽ നിന്ന് ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണിക്കാം. പണത്തിന്റെ ലഭ്യതയനുസരിച്ച് തീരദേശ വികസന ഏജൻസിയുടെ പ്രവർത്തനം വിപുലീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഈ ആവശ്യവും പരിഗണിക്കാം.

(3) കാസർഗോഡ് ജില്ലാശുപത്രിയുടെ ക്ഷേമപ്രവർത്തനം

ശ്രീ. എം. കുമാരൻ: സർ, വളരെ വിഷമത്തോടും നിരാശയോടും കൂടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് സ്ഥിതി ചെയ്യുന്ന ജില്ലാശുപത്രിക്ക് ആവശ്യമായിട്ടുള്ള തസ്തിക സൃഷ്ടിക്കണമെന്നും അതോടൊപ്പം ജില്ലാ ആശുപത്രി ഉദ്ഘാടനം നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ല രൂപീകരിച്ചതുമുതൽ ഇന്നോളം ജില്ലയെ പ്രതിനിധീകരിച്ച എം.എൽ.എ.-മാർ വിവിധ തരത്തിലുള്ള ചോദ്യങ്ങളും സബ്മിഷനുകളും ശ്രദ്ധക്ഷണിക്കലുകളും ഈ നിയമസഭയിൽ ഉന്നയിച്ചതിന്റെ രേഖകൾ ഉണ്ട്. ഞാൻ എം.എൽ.എ. ആയതിനു ശേഷം മൂന്നര വർഷത്തിനിടയിൽ അഞ്ചാമത്തെ സബ്മിഷനാണ് ജില്ലാശുപത്രിയുടെ പോസ്റ്റ് ക്രിയേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉന്നയിക്കുന്നത്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കാഞ്ഞങ്ങാട് പോലീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ടു വന്ന സമയത്ത്, കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാരും രാഷ്ട്രീയ പാർട്ടി നേതാക്കന്മാരും അദ്ദേഹത്തെ കണ്ട സമയത്ത് ആവശ്യമുള്ള തസ്തിക സൃഷ്ടിക്കാമെന്നും ആശുപത്രി കെട്ടിടം ഉദ്ഘാടനം ചെയ്യാമെന്നും ഉദ്ഘാടനം ചെയ്യുന്നതോടൊപ്പം അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തണമെന്ന് പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി, വിദ്യാർത്ഥികളിൽ നിന്നു പോലും ഒരു രൂപ വച്ച് വാങ്ങി ഏകദേശം ഒന്നരക്കോടി രൂപ കളക്ട് ചെയ്ത്, ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിരിക്കുകയാണ്. അതിനുശേഷം വന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കടവൂർ ശിവദാസനും അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ളയും ആരോഗ്യ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ജില്ലയിലെ എല്ലാ എം.എൽ.എ.-മാരും ഒരുമിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്ന് ബഹുമാനപ്പെട്ട മന്ത്രി അടുത്ത മന്ത്രിസഭായോഗത്തിൽ ആവശ്യമായ പോസ്റ്റ് ക്രിയേഷൻ നടത്തുമെന്ന് ഉറപ്പു തന്നതാണ്. ആഗസ്റ്റ് മാസം 15-ാം തീയതി കാസർഗോഡ് ജില്ലാശുപത്രിക്ക് ആവശ്യമായ പോസ്റ്റ് ക്രിയേഷൻ നടത്തിക്കൊണ്ട് ഉദ്ഘാടനം ചെയ്യുമെന്ന് ബഹുമാനപ്പെട്ട അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ള കാസർഗോഡ് ജില്ലയ്ക്ക് ഉറപ്പു തന്നിട്ടുണ്ട്. അതിനുശേഷം ഇന്നത്തെ മുഖ്യമന്ത്രി കഴിഞ്ഞ നവംബർ മാസം 30-ന് ജില്ലാശുപത്രി ഉൽഘാടനം ചെയ്യുമെന്നും ഇതിലേക്ക് ആവശ്യമായിട്ടുള്ള പോസ്റ്റ് ക്രിയേഷൻ നടത്തുമെന്നും ബേക്കൽകോട്ടയിൽ വച്ച് ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. ഇതൊക്കെ കാസർഗോഡ് ജില്ലയോട് കാണിക്കുന്ന അവഗണനയാണ്. നാളെ കാസർഗോഡ് ജില്ലയിൽ ഹർത്താലാണ്. സർവ കക്ഷികളുടെ നേതൃത്വത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒത്തൊരുമിച്ചു കൊണ്ടാണ് ഹർത്താൽ നടത്തുന്നത്. എന്തുതന്നെ ആയാലും കാസർഗോഡ് ജില്ലാശുപത്രിക്ക് ആവശ്യമായ പോസ്റ്റ് ക്രിയേഷൻ നടത്തുകയും അതോടൊപ്പം തന്നെ ജില്ലാശുപത്രി ഉദ്ഘാടനവും നടത്തുന്നതിന് അനുകൂലമായ നടപടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് യുക്തമായ മറുപടി ഈ സഭയിൽ പറയണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): 400 കിടക്കകളും, ഭൗതിക സൗകര്യങ്ങളുമുള്ള കാസർഗോഡ് ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അവിടെ ഇതുവരെയായി തസ്തികകൾ ഒന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ പ്രശ്നം പല പ്രാവശ്യം ശ്രദ്ധയിൽ വരികയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫിന്റെ കുറവുകൊണ്ടാണ് ഈ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണമായും ആരംഭിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. സാംങ്ഷൻഡ് സ്ട്രെങ്തിൽ പോലും അവിടെ ഷോർട്ടേജു ണ്ടായിരുന്നു. അതുകൊണ്ട് ചർച്ച ചെയ്ത് രണ്ടുമൂന്ന് സ്റ്റേജുകളിലായി സ്റ്റാഫിനെ നിയമിക്കത്തക്ക വിധത്തിൽ ഒരു പ്രൊപ്പോസൽ തയ്യാറാക്കി. അതനുസരിച്ച് നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുകയും പുതിയതായി കുറേ പോസ്റ്റുകൾ അനുവദിക്കുകയും ചെയ്ത് ഈ ആശുപത്രിയുടെ പ്രവർത്തനം തുടങ്ങി അടുത്ത സാമ്പത്തിക വർഷം രണ്ടാംഘട്ട സ്റ്റാഫിനെ അനുവദിക്കുക

എന്നൊരു പ്രൊപ്പോസൽ വന്നിരിക്കുന്നു. എന്നാൽ അതിനനുകൂലമായിട്ടുള്ള പ്രതികരണമല്ല ഉണ്ടായിരിക്കുന്നത്. മുഴുവൻ പോസ്റ്റുകളുമെന്ന് പറയുമ്പോൾ 229 പോസ്റ്റുകൾ ഒന്നിച്ചുവരും. അത് രണ്ടുമൂന്ന് സ്റ്റേജുകളിലായി അനുവദിക്കുന്നതിലേക്ക് കാര്യങ്ങൾ എത്തണമെന്നുള്ള നിർദ്ദേശമാണ് വച്ചത്. ഒരു വർഷത്തിന്റെ മദ്ധ്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ഇത്രയും അധികം പോസ്റ്റുകൾ ഒന്നിച്ച് അനുവദിക്കുക എന്നുള്ളത് ബുദ്ധിമുട്ടാണ്. ജില്ലാ ആശുപത്രി അവിടെ പ്രവർത്തിക്കണം എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിന് ഗവൺമെന്റ് മുൻകൈ എടുക്കുക തന്നെ ചെയ്യും. എന്നാൽ ഇന്നത്തെ സാമ്പത്തിക ബുദ്ധിമുട്ടുകളുടെ പശ്ചാത്തലത്തിൽ പ്രായോഗികമായ ഒരു സമീപനത്തിന് അവിടത്തെ ജനപ്രതിനിധികളും കൂടി സഹകരിക്കണം. ജില്ലാ ആശുപത്രി പൂർണ്ണമായ തോതിൽ അവിടെ പ്രവർത്തിക്കുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. പ്രായോഗികമായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നിങ്ങൾ കൂടി സഹകരിക്കണം. അങ്ങനെ സഹകരിക്കുന്നതിന് തയ്യാറാകുകയാണെങ്കിൽ നാളത്തെ സമരംപോലും വേണ്ട. ഇന്നോ നാളെയോ ചർച്ച ചെയ്ത് ഈ സാമ്പത്തിക വർഷത്തിൽ കുറച്ചു പോസ്റ്റുകൾ അനുവദിച്ച് പ്രവർത്തനം തുടങ്ങാം. അടുത്ത സാമ്പത്തിക വർഷം അടുത്ത സ്റ്റേജിൽ കുറേ പോസ്റ്റുകൾ അനുവദിക്കാം. അങ്ങനെ 3 സ്റ്റേജുകളിലായി ഇത് പൂർണ്ണ രൂപത്തിൽ എത്തിക്കുന്നതിന് നിങ്ങൾകൂടി സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവിടത്തെ വികാരം മനസ്സിലാക്കുന്നു; ആവശ്യം നല്ലതുപോലെ അറിയാം. അതുകൊണ്ട് ജില്ലാ ആശുപത്രി പൂർണ്ണ രൂപത്തിൽ പ്രവർത്തിക്കുന്നതിന് സഹകരിക്കണം.

(4) ചമ്രവട്ടം പദ്ധതിയുടെ പൂർത്തീകരണം

ശ്രീ. എം. പി. ഗംഗാധരൻ: സർ, കേരളത്തിലെ ഏറ്റവും വലിയ നദികളിലൊന്നും, കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്ര പാരമ്പര്യത്തിന് കർമ്മ സാക്ഷിയുമായ ഭാരതപ്പുഴയുടെ കുറുകെ, മലപ്പുറം ജില്ലയിലെ തിരൂർ, പൊന്നാനി താലൂക്കുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പാലവും ഷട്ടറുകളും നിർമ്മിച്ചുകൊണ്ടുള്ള മലബാറിന്റെ പ്രത്യേകിച്ച് മലപ്പുറം ജില്ലയുടെ ഏറ്റവും ആവശ്യമായ ഒരു പദ്ധതിയാണ് ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്. ഈ പദ്ധതികൊണ്ട് തിരൂർ, പൊന്നാനി താലൂക്കുകളെ, ഭാരതപ്പുഴയുടെ ഇരുകരകളിലുമായി നിലവിലുള്ള 9 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെ, അതുപോലെ രണ്ടു ജില്ലകളിലുമുള്ള ഏകദേശം 14 പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളെ പൊന്നാനി, തിരൂർ താലൂക്കുകളെ റോഡുവഴി ബന്ധിപ്പിക്കാനും, കൂടാതെ വടക്കേ മലബാറിൽനിന്നും കൊച്ചിയിലേക്ക് പോകുന്ന ദൂരം, ഇന്ന് കുറ്റിപ്പുറം, തൃശ്ശൂർ, ആലുവ വഴി മദ്ധ്യ കേരളത്തിൽ കൂടി തീരദേശത്തേക്ക് പോകുന്നതിനുള്ള സൗകര്യം വഴി ഏകദേശം 42 കിലോമീറ്റർ ലാഭിക്കാനും കഴിയുന്ന ഒരു വലിയ പദ്ധതി ആണ് ഇത്. മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗം ആയിരുന്ന സമയത്ത് 30 കൊല്ലത്തോളം കേളപ്പജി മുതലുള്ള എല്ലാ നേതാക്കളും പൊന്നാനിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ഒരു പാലം വേണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly